പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

**'ദുർബല വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

2014 ഫെബ്രുവരി 3-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

**'ദുർബല വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

206/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

(2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ

ശ്രീ. സി. മമ്മൂട്ടി

ശ്രീ. പി. റ്റി. എ. റഹീം

ശ്രീ. വി. ശിവൻകുട്ടി

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## അവതാരിക

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

'ദുർബല വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും' എന്ന വിഷയം സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി സമിതി 4-9-2013-ന് യോഗം ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ 2014 ജനുവരി 28-ലെ യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2014 ജനുവരി 28.

## റിപ്പോർട്ട്

സംസ്ഥാന രൂപീകരണത്തെത്തുടർന്ന് രൂപീകൃതമായ കേരള നിയമസഭ കാലാകാലങ്ങളിൽ പാസ്സാക്കിയ ഐതിഹാസികമായ ഭൂപരിഷ്കരണ നിയമങ്ങളിലൂടെയും സമാനമായ മറ്റ് നിയമങ്ങളിലൂടെയും അനേകം ഭൂരഹിതർക്ക് സ്വന്തമായി ഭൂമി നേടിക്കൊടുത്ത സംസ്ഥാനമെന്ന ഖ്യാതി കേരളത്തിന് അഭിമാനിക്കുവാൻ വകനൽകുന്ന ഒന്നാണ്. എങ്കിൽത്തന്നെയും ഒരു തുണ്ടുഭൂമിയോ തലചായ്ക്കാൻ ഒരു വീടോ സ്വന്തമായി ഇല്ലാത്ത ലക്ഷക്കണക്കിന് ജനങ്ങൾ ഇപ്പോഴും പുറമ്പോക്കുകളിലും ചേരികളിലുമുള്ള ചെറ്റപ്പുരകളിൽ അഭയം തേടേണ്ടിവരുന്നു എന്ന യാഥാർത്ഥ്യം ജീവിതസാഹചര്യങ്ങളിൽ ഏറെ മുന്നിലെത്തി എന്ന് അഭിമാനിക്കുന്ന ഇന്നത്തെ പരിഷ്കൃത സമൂഹത്തിനു മുന്നിലെ കടുത്ത വെല്ലുവിളി തന്നെയാണ്. പരിതാപകരമായ ഈ അവസ്ഥാവിശേഷത്തിന് ശാശ്വതപരിഹാരം കണ്ടെത്തി സഹജീവികളെ മാന്യമായ രീതിയിൽ പുനരധിവസിപ്പിക്കുക എന്നത് ജനകീയ ഭരണകൂടങ്ങളുടെ ചുമതലയും ഉത്തരവാദിത്വവുമാണെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ടാകാനിടയില്ല. പാർപ്പിട സൗകര്യം എന്നത് കേവലം മനുഷ്യന് കയറിക്കിടക്കാനൊരു കൂര എന്നതിലുപരി അഭിമാനത്തോടെയുള്ള ജീവിത സാഹചര്യം കൂടിയാണ്. ഭൂമിവിലയും നിർമ്മാണച്ചെലവും ഇടത്തരക്കാർക്കുപോലും താങ്ങാനാവാത്ത നിലയിൽ എത്തിയിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സ്വന്തമായി ഒരു വീട് എന്ന മോഹം സംസ്ഥാനജനസംഖ്യയിലെ ഗണ്യമായൊരു വിഭാഗത്തിന് ഇപ്പോഴും സ്വപ്നമായിത്തന്നെ ശേഷിക്കുകയാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ പാർപ്പിടം കേരളത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഭവനനിർമ്മാണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്.

2. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരം "ദുർബല വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും" എന്ന വിഷയത്തിന്മേൽ ഭവനനിർമ്മാണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 2013 സെപ്റ്റംബർ മാസം 4-ാം തീയതി തിരുവനന്തപുരത്തുവച്ച് ഒരു ചർച്ച നടത്തുകയുണ്ടായി. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കായി മേല്പറഞ്ഞ രണ്ട് സർക്കാർ വകുപ്പുകളുടേയും ആഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതികളെക്കുറിച്ചും അവയുടെ പോരായ്മകളെക്കുറിച്ചും തദവസരത്തിൽ സമിതി വളരെ വിശദമായി ത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയുടേയും വകുപ്പുകളിൽനിന്നും ലഭിച്ച വിശദാംശങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതും സർക്കാർ അടിയന്തരമായി കൈക്കൊള്ളേണ്ട തിരുത്തൽ നടപടികളെ സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതുമാണ് ഈ റിപ്പോർട്ട്.

## ഭവനനിർമ്മാണ വകുപ്പ്

3. സംസ്ഥാന ഭവനനിർമ്മാണ വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, ഹഡ്കോ, എൽ.ഐ.സി., എച്ച്.ഡി.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ സംസ്ഥാനത്ത് വിവിധ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. അവയിൽ പ്രമുഖമായവ താഴെപ്പറയുന്നവയാണ്:

**ഇന്നൊവേറ്റീവ് ഭവനനിർമ്മാണ പദ്ധതി**

4. ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ ബോർഡുവഴി നടപ്പാക്കിവരുന്ന പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നായ ഇന്നൊവേറ്റീവ് ഭവനനിർമ്മാണ പദ്ധതിവഴി ദൂരദേശങ്ങളിൽനിന്ന് നഗരപ്രദേശങ്ങളിൽ വന്ന് ജോലി ചെയ്യുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്ക് നൽകുന്നതായും ഇതിന്റെ ഒന്നാംഘട്ടമായി എറണാകുളത്ത് തൃക്കാക്കരയിലും തിരുവനന്തപുരത്ത് പൂജപ്പുരയിലും തൃശ്ശൂരിൽ കുട്ടനെല്ലൂരിലും ആയി ആകെ 100 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും തൃശ്ശൂരിൽ കുട്ടനെല്ലൂരിൽ രണ്ടും മൂന്നും ഘട്ടങ്ങളിലുള്ള നിർമ്മാണ പ്രവർത്തനവും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒന്നും രണ്ടും ഘട്ടങ്ങളിലുള്ള നിർമ്മാണ പ്രവർത്തനവും പുരോഗമിക്കുന്നതായും 2013-14 വർഷത്തെ ബജറ്റിൽ പൂജപ്പുര മൂന്നാംഘട്ട പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 3 കോടി രൂപ വിനിയോഗിച്ച് 24 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുളള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

5. സർവ്വീസ് ഏരിയായുൾപ്പെടെ ആകെ 31.87 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഒറ്റ ബഡ്റൂം ഫ്ളാറ്റിന് വാടകയും മറ്റ് ചെലവുകളുമുൾപ്പെടെ ആയിരം രൂപയാണ് ഇപ്പോൾ ഈടാക്കിവരുന്നതെന്നും പത്രപരസ്യത്തിലൂടെ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും നറുക്കിട്ടെടുത്താണ് ഫ്ളാറ്റുകൾ നൽകുന്നതെന്നും പണിതീർത്ത എല്ലാ ഫ്ളാറ്റുകളും നൽകിക്കഴിഞ്ഞതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

6. പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച് ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കണമെന്നും പാവപ്പെട്ട തൊഴിലാളികൾക്ക് വളരെയേറെ സഹായകരമായ ഈ പദ്ധതി എല്ലാ നഗരങ്ങളിലും ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ നമ്മുടെ തൊഴിൽ മേഖലയിൽ അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്തും അത്യന്തം ശോചനീയമായ സാഹചര്യങ്ങളിൽ താമസിക്കേണ്ടിവരുന്ന ഈ തൊഴിലാളികൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളുടെ ഗൗരവം ഉൾക്കൊണ്ടും ഇവർക്കുകൂടി പ്രയോജനപ്പെടുന്നതരത്തിൽ പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**സാഫല്യം EWS ഭവന പദ്ധതി**

7. സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗക്കാർക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം അനുവദനീയമായ നിർമ്മാണചെലവായ 3.50 ലക്ഷം രൂപയിൽ ഒരു ലക്ഷം രൂപ ഹഡ്കോയുടെ ലോണും രണ്ട് ലക്ഷം രൂപ ഗവൺമെന്റ് സബ്സിഡിയും 25,000 രൂപവീതം സന്നദ്ധ സംഘടനകളുടേയും ഗുണഭോക്താവിന്റെയും വിഹിതവുമാണ്. പദ്ധതിയുടെ ആദ്യഘട്ടമായി കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ 8 ജില്ലകളിലെ 10 പഞ്ചായത്തുകളിലായി 900 ഫ്ളാറ്റുകൾ 33.13 കോടി രൂപയുടെ പദ്ധതി ചെലവിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതായും ഇതിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതായും മറ്റു സ്ഥലങ്ങളിലേത് ഉടൻതന്നെ ആരംഭിക്കുന്നതാണെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

8. പത്രപരസ്യപ്രചരണം നടത്തി ജില്ലാതല ഡേറ്റാ ബാങ്ക് രൂപീകരിച്ച് അതിൽ നിന്നും പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയോ സമീപങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയോ അപേക്ഷകർക്ക് മുൻഗണന നൽകി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയാണ് ചെയ്യുന്നത്.

9. ഈ പദ്ധതിയിൻകീഴിൽ ഭരണാനുമതി ലഭിച്ച പ്രദേശങ്ങളിലെ നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്നും നിർമ്മാണച്ചുമതല മറ്റ് ഏജൻസികൾക്ക് കൈമാറാതെ ബോർഡ് തന്നെ നേരിട്ടു നടത്തി പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി എത്രയുംവേഗം അവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഗൃഹശ്രീ ഭവന പദ്ധതി**

10. സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾ, ഒരുലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയല്ലാത്ത വിഭാഗങ്ങൾ, ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള താഴ്ന്നവരുമാന വിഭാഗങ്ങൾ എന്നിവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മിച്ചുനൽകുന്നതിന് ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം അനുവദനീയമായ നിർമ്മാണ ചെലവായ നാലുലക്ഷം രൂപയിൽ രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡിയും ഒരു ലക്ഷം രൂപ സന്നദ്ധ സംഘടനകൾ/കാരുണ്യവാന്മാരായ വ്യക്തികളിൽനിന്നുള്ള വിഹിതവും ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

11. 26-8-2013-ന് ഭരണാനുമതി ലഭിച്ച പദ്ധതിക്ക് 10.5 കോടി രൂപ 2013-14-ലെ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടെന്നും 612 സ്പോൺസർമാർ 8934 വീടുകൾക്കുള്ള സാമ്പത്തിക സഹായ വാഗ്ദാനവുമായി മുന്നോട്ടുവന്നിട്ടുണ്ടെന്നും എന്നാൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം ഇതിന് പര്യാപ്തമാകുകയില്ലെന്നും സമിതി മനസ്സിലാക്കുകയുണ്ടായി. 8934 വീടുകൾക്കുള്ള സഹായവുമായി സ്പോൺസർമാർ മുന്നോട്ടുവന്നിട്ടുള്ള സാഹചര്യത്തിൽ അനുവദിച്ചിരിക്കുന്ന 10.5 കോടി രൂപ തികച്ചും അപര്യാപ്തമാണെന്നും പ്രസ്തുത തുക വിനിയോഗിച്ച് 525 വീടുകൾക്ക് മാത്രമേ സബ്സിഡി കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ പദ്ധതിപ്രകാരം സ്പോൺസർമാർ കൂടുതലായി മുന്നോട്ടുവരുന്ന ഒരു സ്ഥിതിവിശേഷം സംജാതമാകുന്നപക്ഷം അതിന് സമാനമായി പദ്ധതിയിലേക്കുള്ള ബഡ്ജറ്റ് വിഹിതം ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ഈ പദ്ധതിയിൻകീഴിൽ നിലവിൽ സ്പോൺസർമാർ ആണ് ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകുന്നതെന്നും പ്രസ്തുത ലിസ്റ്റ് പരിശോധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് എന്നും പദ്ധതി പ്രകാരം ഗുണഭോക്താവ് തന്നെയാണ് വീട് പണിയുന്നതെന്നും സമിതി മനസ്സിലാക്കുന്നു. സ്പോൺസർമാരാണ് ഗുണഭോക്താക്കളെ തീരുമാനിക്കുന്നതെങ്കിൽ പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ നിലനിൽക്കില്ലെന്നും സർക്കാർ ഫണ്ട് നൽകുമ്പോൾ അതിൻമേൽ സർക്കാരിന് നിയന്ത്രണം ആവശ്യമാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു ചർച്ചയോ സെലക്ഷനോ ഒന്നും നടത്താതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നരീതി ഗുണത്തേക്കാളേറെ ദോഷമാണുണ്ടാകുകയെന്നും ആയതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതോടൊപ്പംതന്നെ ഇന്ദിരാ ആവാസ് യോജനയുടെ മാനദണ്ഡങ്ങൾ ഈ പദ്ധതിക്കും ബാധകമാക്കണമെന്നും ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പ് രീതിയിൽ കൂടുതൽ പ്രായോഗികമായൊരു സമീപനം സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ (ശാന്തിനഗർ) കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി**

13. കോഴിക്കോട് ജില്ലയിൽ ബംഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിക്കായി 2011-12-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ വിനിയോഗിച്ച് 218 വീടുകൾ ആദ്യഘട്ടമായി നിർമ്മിക്കുവാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഇതിൽ, 184 വീടുകൾ പൂർത്തീകരിച്ച് കളക്ടർക്ക് കൈമാറിയിട്ടുള്ളതായും

ബാക്കിയുള്ള 34 വീടുകൾ വിവിധ ഘട്ടങ്ങളിലായി പൂർത്തിയായിവരുന്നതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടാതെ ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിലൂടെ 115 വീടുകൾ പുനർനിർമ്മിക്കുന്നതിനും, 25 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 21.08 കോടി രൂപ ചെലവുവരുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണെന്നും സമിതി മനസ്സിലാക്കുന്നു.

14. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ ബാക്കിയുള്ള കുടുംബങ്ങളെക്കൂടി പുനരധിവസിപ്പിക്കുന്നതിനും പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിനും ആവശ്യമായ തുക അടിയന്തരമായി അനുവദിക്കണമെന്നും അപ്രകാരം പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**എം. എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി**

15. ഈ പദ്ധതിപ്രകാരം സർക്കാർ സബ്സിഡിയായി ജനറൽ വിഭാഗത്തിന് 75,000 രൂപയും എസ്. സി. വിഭാഗത്തിന് ഒരു ലക്ഷം രൂപയും എസ്. റ്റി. വിഭാഗത്തിന് 1.25 ലക്ഷം രൂപയും നൽകിവരുന്നതായും സമിതി മനസ്സിലാക്കി. 2010-ലെ കണക്കുപ്രകാരം 18489 വീടുകളാണ് പുനർനിർമ്മിക്കേണ്ടതായിട്ടുള്ളത്. എന്നാൽ 31-7-2013-ലെ കണക്കനുസരിച്ച് 12674 വീടുകൾക്ക് 54.184 കോടി രൂപ സബ്സിഡി നൽകിയിട്ടുള്ളതായും ഇതിൽ 7943 വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞതായും 6315 വീടുകൾ പൂർത്തിയാക്കിയതായും സമിതി മനസ്സിലാക്കി.

16. ലക്ഷംവീട് പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ മേൽക്കൂരയുടെ അറ്റകുറ്റ പണികൾക്കായി വീടൊന്നിന് 10,000 രൂപ നിരക്കിൽ നല്കുന്നതിനായി 1.5 കോടി രൂപ 2011-12-ലെ ബജറ്റ്വഴി ഭവനനിർമ്മാണ ബോർഡിന് നൽകിയിരുന്നെങ്കിലും പഞ്ചായത്തുകൾ ഗുണഭോക്താക്കളെ കണ്ടെത്തി മതിയായ രേഖകൾ സമർപ്പിക്കാത്തതുമൂലം ഇതുവരെയും ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നും ഇപ്പോഴത്തെ നിർമ്മാണച്ചെലവ് കണക്കിലെടുക്കുമ്പോൾ ഈ തുക വളരെ തുച്ഛമാണെന്നും സമിതി വിലയിരുത്തി.

17. എം. എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിപ്രകാരം അനുവദിച്ചുവരുന്ന സർക്കാർ സബ്സിഡിത്തുകയും മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്നത്തുകയും കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾക്കായി സർക്കാർ ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനായി ഇതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ആവശ്യമായ രേഖകൾ നൽകാൻ പഞ്ചായത്തുകൾ അടിയന്തരനടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ

ചെയ്യുന്നു. അതോടൊപ്പം എം. എൻ. ലക്ഷംവീട് പദ്ധതിപ്രകാരമുള്ള 'ഇരട്ട വീട്' എന്ന തത്വം ഗുണഭോക്താക്കളുടെ ഇടയിൽ തീർത്തും അസ്വീകാര്യമായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് പുനരാവിഷ്കരിക്കണമെന്നും ഓരോ കുടുംബത്തിനും ഓരോ സ്വതന്ത്രവീട് എന്നതരത്തിൽ ആവശ്യമായ മാറ്റങ്ങൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**സുരക്ഷാ ഭവന പദ്ധതി**

18. സമൂഹത്തിലെ സാമ്പത്തികമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരും സ്വന്തമായി വീടില്ലാത്തവരുമായവർക്ക് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വീടു നിർമ്മിച്ചുനൽകുന്നതിനായി 2005-ൽ ആരംഭിച്ച ഈ പദ്ധതിക്കായി ഇതുവരെ 10.8 കോടി രൂപ സബ്സിഡിയായി ബോർഡിന് അനുവദിച്ചിട്ടുള്ളതായും 31-7-2013 വരെ 5407 വീടുകൾക്കായി 5.6816 കോടി രൂപ വിതരണം ചെയ്തതായും 3344 വീടുകൾ പൂർത്തീകരിച്ചതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. എന്നാൽ സമാനപദ്ധതിയായ ഗൃഹശ്രീ പദ്ധതി ആരംഭിച്ചതോടെ ഈ പദ്ധതി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി.

## തദ്ദേശസ്വയംഭരണ വകുപ്പ്

19. ദുർബ്ബല വിഭാഗങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിൽ ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന പ്രധാനപ്പെട്ട ഭവനനിർമ്മാണ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

**ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി**

20. സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം നഗരസഭാതലത്തിൽ കോർപ്പറേഷനുകളിൽ 1898 വീടുകളും മുനിസിപ്പാലിറ്റികളിൽ 5017 വീടുകളും പഞ്ചായത്തുതലത്തിൽ 34861 വീടുകളും പൂർത്തിയാക്കാനുള്ളതായും പദ്ധതിയുടെ കാലാവധി 31-3-2012-ൽ അവസാനിച്ചിരുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിപ്രകാരമുള്ള കരാറിൽ ഏർപ്പെട്ട പല ഗുണഭോക്താക്കൾക്കും അർഹതപ്പെട്ട തുകയുടെ ഒന്നോ രണ്ടോ ഗഡുക്കൾ മാത്രമേ നൽകിയിട്ടുള്ളൂ എന്നതിനാൽ ഇവർക്ക് ശേഷിക്കുന്ന ഗഡുക്കൾ നൽകേണ്ടതായിട്ടുണ്ട്. കൂടാതെ, ധനസഹായത്തുക പൊതുവിഭാഗം, എസ്.സി. വിഭാഗം എന്നിവർക്ക് 2 ലക്ഷവും എസ്.റ്റി. വിഭാഗത്തിന് 2.50 ലക്ഷം രൂപയുമായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ ആയത് അനുവദിച്ചുനൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണ ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി അനുസരിച്ച് ഗുണഭോക്താക്കൾക്ക് ലഭിക്കാനുള്ള കുടിശ്ശികത്തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.)**

21. സ്വന്തമായി മൂന്നു സെന്റ് ഭൂമിയെങ്കിലുമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 75% കേന്ദ്രസഹായവും 25% സംസ്ഥാന വിഹിതവുമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് നൽകിവരുന്ന ധനസഹായം 2.50 ലക്ഷം രൂപയായും പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപയായും 15-9-2011 മുതൽ പ്രാബല്യം നൽകി വർദ്ധിപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

22. ഇ.എം.എസ്. ഭവനപദ്ധതിയുടെ കാര്യത്തിലെന്നപോലെ ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ നേടിയെടുക്കുന്നതിനു ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി.)**

23. ദരിദ്ര കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ചേരിപ്രദേശങ്ങളിലും ഏറ്റവും കുറഞ്ഞത് 15 ദരിദ്ര കുടുംബങ്ങളെങ്കിലും അടുത്തടുത്തായി താമസിക്കുന്ന ക്ലസ്റ്ററുകളിലുമായി നടപ്പാക്കുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 80% കേന്ദ്ര വിഹിതവും ശേഷിക്കുന്ന 20% സംസ്ഥാന സർക്കാർ വിഹിതവും നഗരസഭാ വിഹിതവും ഗുണഭോക്തൃ വിഹിതവുമാണ്. ഈ പദ്ധതിപ്രകാരം നിലവിൽ വീടൊന്നിന് 2,00,000 രൂപയാണ് നൽകിവരുന്നത്.

**നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാനസൗകര്യങ്ങൾ (ബി.എസ്.യു.പി.)**

24. മഹാനഗരങ്ങളിൽ ചേരികളിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനംചെയ്യുന്ന ബി.എസ്.യു.പി. പദ്ധതി തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലാണ് നടപ്പാക്കുന്നത്. 50% കേന്ദ്രവിഹിതവും 30% സംസ്ഥാന വിഹിതവും 20%-ൽ ഗുണഭോക്തൃവിഹിതം കിഴിച്ചുള്ള തുക നഗരസഭവിഹിതവുമാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതത്തിന്റെ ലഭ്യതക്കുറവിന്റെ പേരിൽ പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിലേക്കായി ഈ ഇനത്തിൽ മതിയായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**രാജീവ് ആവാസ് യോജന (ആർ.എ.വൈ.)**

25. ചേരിരഹിത നഗരങ്ങൾ ലക്ഷ്യംവച്ച് ചേരിനിവാസികളുടെ പുനരധിവാസത്തിനും ചേരികളുടെ വികസനപ്രവർത്തനങ്ങൾക്കുമായി സമയബന്ധിതമായി നടപ്പാക്കുന്ന പാർപ്പിട വികസന പദ്ധതിയാണ് രാജീവ് ആവാസ് യോജന (ആർ.എ.വൈ). ഇതിന്റെ നടത്തിപ്പുചുമതലകൾക്കായി കുടുംബശ്രീ മിഷനെ സംസ്ഥാന നോഡൽ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിരിക്കുന്നു.

26. ഐ.എ.വൈ. അല്ലാതെ മറ്റ് ഭവനപദ്ധതികൾ നിലവിലില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ഭവനനിർമ്മാണ പദ്ധതികൾ ഏറ്റെടുക്കാൻ അനുവദിച്ചിട്ടുള്ളതായും ഇതിനായുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വയം കണ്ടെത്തണമെന്നും വായ്പ തുകയും പലിശയും തദ്ദേശസ്വയംഭരണ സ്ഥാപനംതന്നെ തിരിച്ചടയ്ക്കണമെന്നും തിരിച്ചടവ് കാലാവധി 10 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതായും സമിതിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത നിമിത്തം പദ്ധതി തടസ്സപ്പെടാതിരിക്കാനാവശ്യമായ തുക പദ്ധതിക്കായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2014 ജനുവരി 28.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IX.*